# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5619 — 27.10.2011 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകൾ കാർഷിക വായ്പ വിതരണം നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) സഹകരണ ബാങ്കുകൾക്ക് നബാർഡ് ധനസഹായം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്. സംസ്ഥാനത്തെ ഹ്രസ്വകാല കാർഷിക വായ്പാ മേഖലയിലെ അപ്പക്സ് ബാങ്കായ സംസ്ഥാന സഹകരണ ബാങ്കിന് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ സെക്ഷൻ 11(1) ലെ വ്യവസ്ഥകൾ പാലിക്കാനാകാത്തതും ഗവൺമെന്റ് ഗ്യാരന്റി നൽകുകയോ മതിയായ സെക്യൂരിറ്റി പണയപ്പെടുത്തുകയോ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ 2009-10 വർഷവും 2010-11 വർഷവും ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള പുനർവായ്പയായി നബാർഡിൽ നിന്നും ധനസഹായം ലഭിച്ചിരുന്നില്ല. |
| (സി) സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പകൾ അനുവദിക്കുന്നതിന് എന്തെല്ലാം അടിയന്തിര സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) 1. പുനർവായ്പയുടെ കുറവുവരുന്ന പക്ഷം സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പ നൽകുന്ന സംഘങ്ങൾക്ക് 1 ½ (ഒന്നര) ശതമാനം സബ് വെൻഷൻ നബാർഡിൽ നിന്നും ലഭിക്കുന്നതാണ്.<br>2. ഹ്രസ്വകാല കാർഷിക വായ്പ മേഖലയിലെ അപ്പക്സ് ബാങ്കായ സംസ്ഥാന സഹകരണ |

ബാങ്കിന് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) ൽ നിന്നും താൽക്കാലിക ഇളവ് ലഭിച്ച സാഹചര്യത്തിൽ കൂടുതൽ ഹ്രസ്വകാല കാർഷിക വായ്പാ വിതരണം ചെയ്യുന്നതിന് നബാർഡിൽ നിന്ന് പുനർവായ്പ ലഭിക്കുന്നതിനായി ഗവൺമെന്റ് ഗ്യാരന്റി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ